# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

## ദൈവകൃപയാൽ
## ബാംഗ്ലൂർ ഭദ്രാസന ഇടവകയുടെ സഹായ മെത്രാപ്പോലീത്ത
## ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്നും

C. No. 02/2026

*നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്തുപട്ടക്കാരും കൈസ്ഥാനികളും സെക്രട്ടറിമാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ശേഷം ജനങ്ങളും കൂടികണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.*

പ്രിയരെ, പരിശുദ്ധ സഭ പരിശുദ്ധ വലിയനോമ്പിലേക്ക് ഫെബ്രുവരി മാസം പതിനാറാം തീയതി പ്രവേശിക്കുകയാണല്ലോ. നോമ്പ് ഒരു തീർത്ഥാടനം ആണ്. രക്ഷാതുറമുഖത്തേക്കാണല്ലോ നോമ്പിന്റെ യാത്ര ലക്ഷ്യം ഇടുന്നത്. നോമ്പാകുന്ന തോൽക്കാത്ത ആയുധവുമായി ക്രിസ്തുവിന്റെ രക്ഷാകരമായ കുരിശിന്റെ വഴികളിലൂടെ ഈ തീർത്ഥയാത്ര നടത്തുവാൻ നമുക്ക് സാധിക്കണം. നോമ്പിന്റെ ഏറ്റവും വലിയ പ്രതിഫലനം, അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതാണ്. അതാണ് ദൈവമുമ്പാകെയുള്ള ശുദ്ധവും നിർമ്മലവുമായ ഭക്തിയുടെ ലക്ഷണവും എന്ന് വിശുദ്ധ യാക്കോബ് ശ്ലീഹ നമ്മെ ഉദ്ബോധിപ്പിക്കുന്നു. (യാക്കോബ് 1:27) കുരിശിന്റെ വഴിയെ യാത്ര ചെയ്തു ഉയിർപ്പിന്റെ സമാധാനവും സന്തോഷവും ആവോളം അനുഭവിക്കുവാൻ ദൈവം നമുക്ക് ഏവർക്കും സംഗതി ആക്കട്ടെ.

പ്രിയരെ, നമ്മുടെ ഭദ്രാസനത്തിലെ മിഷൻപ്രവർത്തനകേന്ദ്രങ്ങളായ, കർണാടകയിലെ മൈസൂരിലെ സ്നേഹഭവനിലെ 18 വയസ്സിൽ താഴെയുള്ള differently abled പെൺകുഞ്ഞുങ്ങളെയും, ആന്ധ്രപ്രദേശത്ത്, ഏലൂരിലെ, മേഴ്സി ഹോമിലെ അശരണരും വൃദ്ധരും ആയ മാതാപിതാക്കന്മാരുടെ സംരക്ഷണവും, സാമ്പത്തികബുദ്ധിമുട്ട് അനുഭവിക്കുന്നവരുടെ പെൺകുട്ടികളുടെ വിവാഹസഹായനിധി, വിദ്യഭ്യാസ സഹായം, ഭവനനിർമ്മാണം, ചികിത്സാസഹായങ്ങൾക്കായുള്ള IOBD ചാരിറ്റി പ്രവർത്തനങ്ങളും പ്രവർത്തകരെയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുകയും, ഈ നോമ്പുകാലത്ത് നമ്മുടെ ദാനധർമ്മങ്ങൾ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി ഭദ്രാസന ചാരിറ്റി അക്കൗണ്ടിൽ കൂടി നൽകാവുന്നതാണ്.

പ്രിയരെ, നമ്മുടെ ഭദ്രാസന വികസനപ്രവർത്തനങ്ങളുടെ ഭാഗമായി ബാംഗ്ലൂരിലെ ദൊഡ്ഡബെല്ലാപ്പൂർ സ്ഥലത്തെ പ്രവർത്തനങ്ങളുടെ പ്രാരംഭമായി അവിടെയുള്ള കെട്ടിടത്തിന്റെ നവീകരണവും, പുതിയ ഒരു ദേവാലയ നിർമ്മാണവും പൂർത്തീകരണത്തിലേക്ക് എത്തുകയും ചെയ്യുന്നു. ഈ ചാപ്പലിന്റെ വിശുദ്ധ മൂറോൻ കൂദാശ, വിശുദ്ധ ഗീവർഗീസ് സഹദായുടെ ഓർമ്മദിനമായ 2026 ഏപ്രിൽ മാസം 22, 23 തീയതികളിലായി നടത്തുവാനായി, ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിശ്ചയിച്ചിരിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളിൽ നിന്നും വികാരിമാരുടെ നേതൃത്വത്തിൽ, എല്ലാ വിശ്വാസികളും ഈ കൂദാശയിൽ സംബന്ധിക്കണം.

*Contd...2*

വീണ്ടും പ്രിയരെ, 2025-26 സാമ്പത്തികവർഷം മാർച്ച് 31-ന് അവസാനിക്കുകയാണല്ലോ. എല്ലാ ഇടവകകളിലും പുതിയ ഭരണസമിതി 2026 ഏപ്രിൽ ഒന്നു മുതൽ ചുമതല ഏൽക്കത്തക്കവിധം ഭരണഘടനാനുസൃതം ഇടവക പൊതുയോഗം കൂടി തെരഞ്ഞെടുപ്പ് നടത്തേണ്ടതും ആയതിന്റെ അംഗീകാരത്തിനായി പൊതുയോഗമിനിറ്റ്സും ഇടവക വികാരിമാരുടെ ഒപ്പോടുകൂടിയ ലിസ്റ്റും നമ്മുടെ പേർക്ക് അയച്ചുതരേണ്ടതാണ്. ഇടവകയ്ക്കും, ഭദ്രാസനത്തിനും, സഭാ കേന്ദ്രത്തിനും നൽകേണ്ട വിഹിതങ്ങൾ 2026 മാർച്ച് 31-ന് മുമ്പായി അടച്ചുതീർക്കണമെന്ന് നിങ്ങളെ അറിയിക്കുന്നു. ടാക്സ് ഡിപ്പാർട്ട്മെന്റ് നിർദ്ദേശവും സഭാകേന്ദ്രത്തിന്റെ നിർദ്ദേശവും പരിഗണിച്ച് ഇടവകകളുടെ പൊതുയോഗം അംഗീകരിച്ച ബഡ്ജറ്റ് ഏപ്രിൽ 30-ാം തീയതിയോടുകൂടിയും 2025-26 വരവുചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്ത് ഇടവകപൊതുയോഗം അംഗീകരിച്ച് 2026 മെയ് 15-ന് മുമ്പായി ഭദ്രാസന ഓഫീസിൽ എത്തിക്കേണ്ടതാണ്. വികാരിമാരും കൈസ്ഥാനികളും ഭരണസമിതി അംഗങ്ങളും ഇക്കാര്യം ഗൗരവമായി കണക്കാക്കണമെന്ന് അറിയിക്കുന്നു.

*ശേഷം പിന്നാലെ. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.*



**ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത**

2026 ഫെബ്രുവരി മാസം 14-ാം തീയതി

ബാംഗ്ലൂർ ഓർത്തഡോക്സ് അരമനയിൽ നിന്നും